**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **27-02-2023 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന പദ്ധതി പൂർത്തീകരണത്തിന് വകുപ്പ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കെട്ടിടങ്ങളും ആസ്തികളും സൃഷ്ടിക്കുന്നതിന് വേണ്ടി അനുവദിക്കുന്ന ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ, പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അതത് വകുപ്പുകളുടെ ഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ കെട്ടിടങ്ങളും ആസ്തികളും സൃഷ്ടിക്കുന്നതിന് വേണ്ടി അനുവദിക്കുന്ന ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ, ടെണ്ടർ എക്സസ് ഉണ്ടാകുന്നപക്ഷം ആയത് അടുത്ത സാമ്പത്തിക വർഷത്തെ 5 കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്ന് ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന , ഖണ്ഡിക.2.10 ൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) | ആവശ്യത്തിന് വകുപ്പ് ഫണ്ട് ലഭ്യമായിട്ടില്ലെങ്കിൽ ഇത്തരം പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുമതി നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | സർക്കാർ കെട്ടിടങ്ങളും ആസ്തികളും സൃഷ്ടിക്കുന്നതിന് വേണ്ടി അനുവദിക്കുന്ന ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ, ടെണ്ടർ എക്സസ് ഉണ്ടാകുന്നപക്ഷം ആയത് അടുത്ത സാമ്പത്തിക വർഷത്തെ 5 കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്ന് ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 ലെ സ.ഉ.(അച്ചടി) നം.119/2018/ധന , ഖണ്ഡിക.2.10 ൽ സൂചിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ